©
Government of Kerala
കേരള സർക്കാർ
2007

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| Vol. LII<br>വാല്യം 52 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 17th October 2007<br>2007 ഒക്ടോബർ 17<br>25th Aswina 1929<br>1929 ആശ്വിനം 25 | No.<br>നമ്പർ 1880 |
|---|---|---|---|

## കേരള സർക്കാർ

വനം-വന്യജീവി (എഫ്) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (എം എസ്.) നമ്പർ 66/2007/വനം. *തിരുവനന്തപുരം, 2007 ഒക്ടോബർ 17.*

**എസ്. ആർ. ഒ. നമ്പർ 859/2007.**—കടലുണ്ടി പുഴയുടെ അഴിമുഖം ഉൾപ്പെടുന്ന 150-ഓളം ഹെക്ടർ പ്രദേശം കണ്ടൽ സസ്യങ്ങൾ ഉൾപ്പെടുന്നതും ദേശാടനപ്പക്ഷികളുടെ ആവാസകേന്ദ്രവുമാണെന്ന് സംസ്ഥാന സർക്കാർ കണ്ടെത്തിയതിനാലും ;

പ്രസ്തുത പ്രദേശത്തിന്റെ ജൈവപരവും പാരിസ്ഥിതികവുമായ പ്രാധാന്യം കാത്തുസൂക്ഷിക്കാനും നിലനിർത്താനും ഉദ്ദേശിക്കുന്നതിനാലും ;

ഇപ്പോൾ, അതിനാൽ 1972-ലെ വന്യജീവി സംരക്ഷണ ആക്റ്റ് (1972-ലെ കേന്ദ്ര ആക്റ്റ് 53)-ലെ 36 സി വകുപ്പുപ്രകാരം സംസ്ഥാന സർക്കാരിന് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് താഴെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഭൂഭാഗം വന്യജീവി സംരക്ഷണത്തിനും ആവാസ സംരക്ഷണത്തിനുമുള്ള "കടലുണ്ടി വള്ളിക്കുന്നു കമ്മ്യൂണിറ്റി റിസർവ്വ്" ആയി ഇതിനാൽ പ്രഖ്യാപിക്കുന്നു.

## പട്ടിക

| | | | |
|---|---|---|---|
| 1. | ജില്ല | : | കോഴിക്കോട് |
| | താലൂക്ക് | : | കോഴിക്കോട് |
| | വില്ലേജ് | : | കടലുണ്ടി |

*കോഴിക്കോട് ജില്ല.*—കോഴിക്കോട് താലൂക്ക്, കടലുണ്ടി ഗ്രാമത്തിലെ പുഴച്ചന്നൂർ ദേശത്തിൽ റീസർവ്വെ നമ്പർ 234/7,9,10; 252/5,6; 253/5,7; 255; 256 എന്നിവയിലും മാനൂർ ദേശത്തിൽ 222/5A; 222/11,12,14; 223/2A, 223/6,7,8; 225/2; 207/3,5; 208/1 ( PT) എന്നീ റീസർവ്വെ നമ്പരുകളിലും ഉൾപ്പെട്ട താഴെ പറയും പ്രകാരം അതിർത്തികളുള്ള പുഴ, കര, തുരുത്തുകളടങ്ങുന്ന കടലുണ്ടി പുഴയുടെ അഴിമുഖ പ്രദേശം.

| | | |
|---|---|---|
| വടക്ക് | : | കണ്ടൽ സസ്യങ്ങൾ ഉൾപ്പെടെയുള്ള കടലുണ്ടി പുഴയുടെ വലത്തേ കര |
| തെക്ക് | : | കടലുണ്ടി, വള്ളിക്കുന്ന് ഗ്രാമാതിർത്തി |
| കിഴക്ക് | : | കോട്ടക്കടവ് പാലം |
| പടിഞ്ഞാറ് | : | അറബിക്കടൽ |

| | | | |
|---|---|---|---|
| 2. | ജില്ല | : | മലപ്പുറം |
| | താലൂക്ക് | : | തിരൂരങ്ങാടി |
| | വില്ലേജ് | : | വള്ളിക്കുന്ന് |

*മലപ്പുറം ജില്ല.*—തിരൂരങ്ങാടി താലൂക്ക്, വള്ളിക്കുന്ന് ഗ്രാമത്തിലെ വള്ളിക്കുന്ന് ദേശത്തിൽ 15/1, 2, 3, 4 എന്നീ റീസർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട താഴെ പറയും പ്രകാരം അതിർത്തികളുള്ള പുഴ, കര, തുരുത്തുകളടങ്ങുന്ന കടലുണ്ടി പുഴയുടെ അഴിമുഖ പ്രദേശം.

| | | |
|---|---|---|
| വടക്ക് | : | കടലുണ്ടി, വള്ളിക്കുന്ന് ഗ്രാമാതിർത്തി |
| തെക്ക് | : | കണ്ടൽ സസ്യങ്ങൾ ഉൾപ്പെടെയുള്ള കടലുണ്ടി പുഴയുടെ ഇടത്തേ കര |
| കിഴക്ക് | : | കോട്ടക്കടവ് പാലം |
| പടിഞ്ഞാറ് | : | അറബിക്കടൽ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എം. സുരേഷ്കുമാർ,
*ജോയിന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതുവായ ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കടലുണ്ടി പുഴയുടെ പ്രസ്തുത അഴിമുഖഭാഗം ജനനിബിഢവും, ജലപക്ഷികളുടെയും, ദേശാടന പക്ഷികളുടെയും താവളവും, ജൈവ സമ്പന്നവും കണ്ടൽ സാന്നിദ്ധ്യംകൊണ്ട് അനുഗ്രഹീതവുമാണ്. എന്നാൽ മത്സ്യബന്ധനം, മണൽ ഖനനം, ചകിരി വ്യവസായം, കേരകൃഷി, കക്കകൃഷി തുടങ്ങിയ പ്രവർത്തനങ്ങൾമൂലം പ്രദേശത്തെ ആവാസ വ്യവസ്ഥ ശോഷിതാവസ്ഥയിലാണ്. ആകയാൽ ജനങ്ങളുടെ ജീവിതാവശ്യങ്ങൾ നിറവേറ്റപ്പെടുന്നതോടൊപ്പം പ്രസ്തുത പ്രദേശത്തെ ജൈവപരവും, പാരിസ്ഥിതികവുമായ സന്തുലനാവസ്ഥ നിലനിർത്തേണ്ടത് അനിവാര്യമായതിനാൽ വിജ്ഞാപനത്തിന്റെ പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രദേശം, 1972-ലെ വന്യജീവി സംരക്ഷണ ആക്റ്റ് പ്രകാരം ''കമ്മ്യൂണിറ്റി റിസർവ്വ്'' ആയി പ്രഖ്യാപിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2007.